പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 110

09-03-2015 – ൽ മറുപടിയ്ക്ക്

## കാസർഗോഡ് മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് എപ്പോഴാണ് തറക്കല്ലിട്ടതെന്നും എത്ര മാസത്തിനുള്ളിലായിരുന്നു പണി പൂർത്തിയാക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കാമോ ; | എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് 08/01/2010-നാണ് തറക്കല്ലിട്ടത്. 2011-12 സാമ്പത്തിക വർഷം പൂർത്തീകരിക്കുവാനാണ് നിഷ്കർഷിച്ചിരുന്നത്. |
| ബി) | ഇതു വരെ നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | ബി) | മത്സ്യബന്ധന തുറമുഖം നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1) മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, തീര സംരക്ഷണഭിത്തി എന്നിവയുടെ ദർഘാസ് സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ കേസ് ഉണ്ടായിരുന്നതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടു.<br>2) പുലിമുട്ടുകളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള പാറ ക്വാറിയിൽ നിന്നും പൊട്ടിക്കുന്നത് സംബന്ധിച്ച് പ്രദേശവാസികളുടേയും പരിസ്ഥിതിവാദി കളുടേയും പ്രതിഷേധവും ഇടയ്ക്കിടെയുണ്ടാകുന്ന ക്വാറി സമരവും കാരണം പുലിമുട്ടുകളുടെ നിർമ്മാണത്തിന് കാലതാമസം നേരിട്ടു.<br>3) വാർഫ്, ലേലപ്പുര എന്നിവയുടെ നിർമ്മാണത്തിന് 19/10/2010-ന് ദർഘാസ് ക്ഷണിച്ചപ്പോൾ കൂടിയ നിരക്ക് ലഭിച്ചതിനാൽ 31/01/2011-ന് പുനർ ദർഘാസ് ക്ഷണിച്ചു. ടി ദർഘാസിലെ നിരക്കും ഉയർന്നതായതിനാൽ ആയത് അംഗീകരിക്കാൻ കാലതാമസം വരുകയും ദർഘാസിന്റെ ഫേം പീരീഡ് അവസാനിച്ചതിനാൽ ദർഘാസുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ചു. പിന്നീട് പുതുക്കിയ നിരക്കിൽ |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതി നൽകി 27/06/2012-ന് ക്ഷണിച്ച ദർഘാസിന് 24/09/2012-ൽ അംഗീകാരം ലഭിച്ചതിനുശേഷമാണ് പ്രവൃത്തി ആരംഭിച്ചത്.<br>4) മണൽ ഡ്രഡ്ജ് ചെയ്യുന്ന പ്രവൃത്തി 12/07/2013-ന് ആരംഭിച്ച് നല്ലരീതിയിൽ പുരോഗമിക്കവേ മത്സ്യത്തൊഴിലാളികളും പ്രദേശവാസികളും 16/12/2013-ന് ഡ്രഡ്ജിംഗ് പ്രവൃത്തി തടസ്സപ്പെടുത്തിയ തിനാൽ ആയത് നിർത്തിവച്ചു. പിന്നീട് കളക്ടറുടെ അദ്ധ്യക്ഷതയിൽ ഇ-മണൽ സംവിധാനം വഴി മണൽ നീക്കം ചെയ്തുകൊ ണ്ടിരിക്കുന്നു. |
| സി) | ഇനി ഏതെല്ലാം ജോലികളാണ് ബാക്കിയുള്ളത് എന്നും പ്രസ്തുത തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ? | സി) | വാർഫ്, ലേലപ്പുര, ഇന്റേണൽ റോഡ്, അപ്രോച്ച് റോഡ്, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. ഇതിൽ വാർഫ്, ലേലപ്പുര, ഇന്റേണൽ റോഡ് എന്നിവ 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. അപ്രോച്ച് റോഡ് നിർമ്മാണം ക്വാറി സമരം മൂലം വൈകിയെങ്കിലും 2015 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്ക് രണ്ടു തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. നിലവിലുള്ള അവസ്ഥയിൽ കാസർഗോഡ് മത്സ്യബന്ധന തുറമുഖം 2015 ജൂലൈ മാസത്തോടുകൂടി നാടിന് സമർപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

**സെക്ഷൻ ഓഫീസർ**